**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1049** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കുമരകം എ.ബി.എം. യു.പി. സ്കൂളിലെ തസ്തിക നിർണ്ണയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** 2025-2026 ലെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ കുമരകം എ.ബി.എം. ഗവൺമെന്റ് യു.പി. സ്കൂളിൽ യു.പി. വിഭാഗത്തിൽ എത്ര കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** യു.പി.വിഭാഗത്തിൽ ആകെ ഒരു കുട്ടിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**(ബി)** ഈ സ്കൂളിൽ പുതിയ തസ്തിക അനുവദിക്കുന്നതിലേക്കായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുള്ളതും പഠനയോഗ്യമായിട്ടുള്ളതുമായ എത്ര ക്ലാസ് റൂമുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത സ്കൂളിൽ 2025 - 26 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുള്ള 13 ക്ലാസ് മുറികൾ ലഭ്യമാണ്. സ്കൂളിൽ 2025 - 26 വർഷം 9 ഡിവിഷനും തസ്തികയും അനുവദിച്ചിട്ടുണ്ട്. യു.പി.സ്കൂൾ ആയതിനാൽ 2 മുറികൾ മറ്റ് ആവശ്യങ്ങൾക്കായി നീക്കിവെച്ചാലും, 2 ക്ലാസ് മുറികൾ കൂടി അധിക തസ്തിക അനുവദിക്കുന്നതിനായി പ്രസ്തുത സ്കൂളിൽ ലഭ്യമാണ്.

**സെക്ഷൻ ഓഫീസർ**